**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2900** **10-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | മഞ്ഞപ്പുഴയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 2018-2019 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വാല്യം-2, പേജ് 139, ക്രമനമ്പർ 3375 ആയി 20% തുക വകയിരുത്തി GO (Rt) No. 302/2020/WRD തിയതി 13/05/2020 പ്രകാരം ഭരണാനുമതി നൽകിയ 200 ലക്ഷം രൂപയുടെ “Rejuvenation of Manjappuzha in Panangad panchayath, Kozhikode District” എന്ന പ്രവൃത്തി MI Class II Harithakeralam ശീർഷകത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മഞ്ഞപ്പുഴയുടെ ഇടതുകരയിൽ മഞ്ഞപ്പാലത്തിനു താഴ്ഭാഗത്തായി 138 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി River Management fund ൽ ഉൾപ്പെടുത്തിയ 35.00 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി നടന്നു വരുന്നു. |
| (ബി) | പുഴയോട് ചേർന്ന് കിടക്കുന്ന ബാലുശ്ശേരി കോട്ടനടയുടെ സംരക്ഷണത്തിനായി മഞ്ഞപ്പുഴയിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | 2024-25 സാമ്പത്തിക വർഷത്തിലെ അനുബന്ധം 2 വാല്യം 2ൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളിൽ പേജ് 71 ൽ ക്രമനമ്പർ 1517 ആയി 20% തുക വകയിരുത്തിയ മഞ്ഞപ്പുഴ-രാമൻപുഴയുടെ പുനരുജ്ജീവന പ്രവൃത്തിയുടെ ഭാഗമായി പുഴയോട് ചേർന്ന് കിടക്കുന്ന ബാലുശ്ശേരി കോട്ടനടയുടെ സംരക്ഷണത്തിനായുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ